June 2
2025
Monday

# DAILY EXPRESS

St. Joseph's U. P School Vayattuparamba

# ആവേശമായി

## പഞ്ചായത്ത് തല പ്രവേശനോത്സവം




## നവാഗതർക്ക് വൻവരവേൽപ്പ്

വായാട്ടുപറമ്പ് യു.പി സ്കൂളിൽ പഞ്ചായത്ത് തല പ്രവേശനോത്സവം പ്രൗഢഗംഭീരമായ രീതിയിൽ നടന്നു. സമ്മേളനം സ്കൂൾ മാനേജർ റവ. ഡോ.തോമസ് തെങ്ങുംപള്ളി അധ്യക്ഷതയും നടുവിൽ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. ബേബി ഓടമ്പള്ളി ഉദ്ഘാടനവും നിർവഹിച്ചു. സ്കൂൾ പ്രധാധ്യാപകൻ ബെന്നി സാർ സ്വാഗതവും, സീനിയർ അസിസ്റ്റന്റ് മോളി ടീച്ചർ നന്ദിയും പറഞ്ഞു.

സ്റ്റാഫ് പ്രതിനിധി, പി.ടി.എ പ്രസിഡണ്ട്, മദർ പി.ടി.എ പ്രസിഡണ്ട്, പൂർവ്വ വിദ്യാർത്ഥി സംഘടന പ്രതിനിധി, സി ആർ സി പ്രതിനിധി എന്നിവർ ആശംസകൾ അർപ്പിച്ചു. നവാഗതർ നിലവിലെ വിദ്യാർഥികളുടെ വരവേൽപ്പ് ഏറ്റുവാങ്ങി നിര നിരയായി സ്കൂളിലേക്ക് കടന്നു വന്നു. പഞ്ചായത്ത് പ്രസിഡണ്ടും, സ്കൂൾ മാനേജരും, പഞ്ചായത്ത് പ്രസിഡണ്ടും നവാഗതർക്ക് സ്കൂളിന്റെ സ്നേഹ സമ്മാനങ്ങൾ കൈമാറി.

## ഇരട്ടി മധുരമായി

### പി.ടി.എ യുടെ വക പായസം

എക്സിക്യൂട്ടീവ് അംഗങ്ങൾ രാവിലെ തന്നെ സ്കൂളിൽ എത്തി പായസം ഉണ്ടാക്കുകയും,വിദ്യാർഥികൾക്ക് ഉച്ചഭക്ഷണവും, പായസവും വിളമ്പി നൽകുകയും ചെയ്തു.

June 3 2025 Tuesday
DAILY EXPRESS
St.Joseph's U.P School Vayattuparamba

# ആദ്യദിനത്തിന് പത്തരമാറ്റ് തിളക്കമേകി വളപ്പൊട്ടുകൾ





## സൗജന്യ പഠനകിറ്റുകളുടെ വിതരണം

പൂർവ്വ വിദ്യാർത്ഥി സംഘടനയായ വളപ്പൊട്ടുകൾ നിർധനരായ വിദ്യാർത്ഥികൾക്ക് സൗജന്യമായി നൽകിയ പഠന കിറ്റുകളുടെ വിതരണം പഞ്ചായത്ത് പ്രസിഡന്റ് ബേബി ഓടമ്പള്ളി നിർവഹിച്ചു.സ്കൂൾ ബാഗും,കുടയും, നോട്ടുബുക്കുകളും, മറ്റ് പഠനോപകരണങ്ങളും ഉൾപ്പെടുന്ന പഠനകിറ്റ് 35 കുട്ടികൾക്കും, നോട്ടുബുക്കുകളും, മറ്റ് പഠനോപകരണങ്ങളും ഉൾപ്പെടുന്ന പഠന കിറ്റ് 75 കുട്ടികൾക്കും വളപ്പൊട്ടുകളുടെ പ്രതിനിധികൾ വിതരണം ചെയ്തു.

## പി.ടി.എ എക്സിക്യൂട്ടീവിന് ആദരവ്

തലശ്ശേരി അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി ഏർപ്പെടുത്തിയ മികച്ച പി.ടി.എ അവാർഡ് കരസ്ഥമാക്കിയ വായാട്ടുപറമ്പ് സെന്റ് ജോസഫ്സ് യു.പി സ്കൂൾ പി.ടി. എ എക്സിക്യൂട്ടീവിന് വളപ്പൊട്ടുകൾ ആദരമർപ്പിച്ചു. പ്രവേശനോത്സവ സമ്മേളനത്തിൽ വെച്ച് വളപ്പൊട്ടുകളുടെ പ്രതിനിധികൾ നൽകിയ മെമെന്റോ പി.ടി.എ പ്രസിഡണ്ടും, മദർ പി.ടി.എ പ്രസിഡണ്ടും ഏറ്റുവാങ്ങി. അധ്യാപകരോട് ചേർന്ന് ഏറെ തീക്ഷ്ണതയോടെ പ്രവർത്തിക്കുന്ന പി.ടി.എ എക്സിക്യൂട്ടീവ് ഇക്കഴിഞ്ഞ വർഷങ്ങളിൽ മികവാർന്ന നിരവധി പ്രവർത്തനങ്ങൾ സ്കൂളിൽ നടപ്പിലാക്കിയിട്ടുണ്ട്.

## ബോധവൽക്കരണ പ്രവർത്തനം

### വ്യക്തിശുചിത്വം

ഓരോ ക്ലാസിലും അധ്യാപകരുടെ നേതൃത്വത്തിൽ ഉച്ചകഴിഞ്ഞ് ഒരു മണിക്കൂർ വ്യക്തിശുചിത്വവുമായി ബന്ധപ്പെട്ട ക്ലാസ്സുകളും, വിവിധ പ്രവർത്തനങ്ങളും നൽകി.

2025
June 4
Wednesday

# DAILY EXPRESS

St Joseph's U.P School Vayattuparamba

# കരാത്തെ ബ്ലാക്ക് ബെൽറ്റ് നേടി നമ്മുടെ കുട്ടികൾ




കാസർകോട് ജില്ലയിലെ പെരിയങ്ങാനത്ത് വെച്ച് മെയ് മാസത്തിലാണ്  ടെസ്റ്റ് നടന്നത്. ടെസ്റ്റിന് നേതൃത്വം കൊടുത്തത് ഇന്ത്യൻ ചീഫ് സെൻസെയ്  ജിൻസ് മാത്യുവാണ്. ചീഫ്  എക്സാമിനർ  സെൻസെയ് ജോഷി വർഗീസായിരുന്നു. ഷോൺ ജോർജ് ജോബിൻ, അനറ്റ് മരിയ ജിനു, അവന്തിക രാജീവ്, അൻസാ തെരേസ്, സാൻജോസ് ജിമ്മി,അനക്സ് അഭിലാഷ് എന്നീ കുട്ടികളാണ് കരാത്തെ ബ്ലാക്ക് ബെൽറ്റിന് അർഹരായത്.

വായാട്ടുപറമ്പ് യുപി സ്കൂളിൽ നിരവധി വർഷങ്ങളായി വിപിൻ സാറിന്റെ നേതൃത്വത്തിൽ തികഞ്ഞ അച്ചടക്കത്തോടെയും,കൃത്യതയോടെയും കരാത്തെ ക്ലാസുകൾ  നടത്തിവരുന്നു. ചൊവ്വ വെള്ളി ദിവസങ്ങളിൽ രാവിലെ 8:30 മുതൽ 9:30 വരെയാണ് ക്ലാസുകൾ നടക്കുന്നത്. ഇവിടെ പരിശീലനം നേടിയ വിദ്യാർത്ഥികൾ നിരവധി ചാമ്പ്യൻഷിപ്പുകൾ കരസ്ഥമാക്കിയിട്ടുണ്ട്.

## ബോധവൽക്കരണ പ്രവർത്തനം

## റോഡ് സുരക്ഷ

ഓരോ ക്ലാസിലും  അധ്യാപകരുടെ നേതൃത്വത്തിൽ ഉച്ചകഴിഞ്ഞ് ഒരു മണിക്കൂർ റോഡ് സുരക്ഷയുമായി  ബന്ധപ്പെട്ട ക്ലാസ്സുകളും, വിവിധ പ്രവർത്തനങ്ങളും നൽകി.

2025
June 5
Thursday

DAILY EXPRESS

St Joseph's U.P School Vayattuparamba

# ഹരിതാഭമായി
# പരിസ്ഥിതി ദിനാചരണം



## വിപുലമായ പരിപാടികൾ

Think Green,Act Green എന്ന ആപ്തവാക്യവുമായി വായാട്ടുപറമ്പ് യു.പി സ്കൂളിൽ വിപുലമായ പരിപാടികളോടെ പരിസ്ഥിതി ദിനം ആചരിച്ചു. സ്കൂൾ അസംബ്ലിയിൽ വിദ്യാർത്ഥികൾ പരിസ്ഥിതി ദിന സന്ദേശം,സ്കിറ്റുകൾ, കവിതകൾ, പ്രസംഗം,പ്രതിജ്ഞ തുടങ്ങി വിവിധ പരിപാടികൾ അവതരിപ്പിച്ചു. അധ്യാപകരും,വിദ്യാർത്ഥികളും ക്ലാസ് അടിസ്ഥാനത്തിൽ സ്കൂൾ പരിസരത്ത് വൃക്ഷത്തൈകൾ നട്ടു.

## പച്ചക്കളർ ഡ്രസ്സ് ധരിച്ച്,പ്ലക്കാർഡ് കയ്യിലേന്തി വിദ്യാർത്ഥികൾ

പച്ചക്കളർ ഡ്രസ്സ് ധരിച്ച്,പരിസ്ഥിതി ദിന സന്ദേശം ഉൾക്കൊള്ളുന്ന പ്ലക്കാർഡുകൾ ഉയർത്തിപ്പിടിച്ച് വിദ്യാർഥികൾ സ്കൂൾ അസംബ്ലിയിൽ അണിനിരന്നത് അതിമനോഹരമായ കാഴ്ചയായിരുന്നു. പ്ലക്കാർഡ് നിർമ്മാണത്തിൽ ഓരോ ഡിവിഷനിൽ നിന്നും ഒന്നും,രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് സമ്മാനങ്ങൾ നൽകുന്നതാണ്. ദിനാചരണത്തിന് മോളി ടീച്ചർ നേതൃത്വം നൽകി

## ബോധവൽക്കരണ പ്രവർത്തനം

### പരിസരശുചിത്വം

ഓരോ ക്ലാസിലും അധ്യാപകരുടെ നേതൃത്വത്തിൽ ഉച്ചകഴിഞ്ഞ് ഒരു മണിക്കൂർ പരിസര ശുചിത്വവുമായി ബന്ധപ്പെട്ട ക്ലാസ്സുകളും, വിവിധ പ്രവർത്തനങ്ങളും നൽകി.

2025
June 9
Monday

DAILY EXPRESS

StJoseph's U.P School Vayattuparamba

# എന്റെ സ്കൂളിന് എന്റെ സമ്മാനം




## ജന്മദിനത്തിൽ ക്ലാസ്സ് ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ

വായാട്ടുപറമ്പ് യു.പി സ്കൂളിൽ കഴിഞ്ഞ 3 വർഷമായി വിജയകരമായി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് 'എന്റെ സ്കൂളിന് എന്റെ സമ്മാനം'. കുട്ടികൾ ജന്മദിന സമ്മാനമായി ലൈബ്രറി പുസ്തകങ്ങൾ സ്കൂളിന് കൈമാറുന്ന നല്ല പാഠം പദ്ധതിയാണിത്.സമ്മാനമായി കൈമാറുന്ന ലൈബ്രറി പുസ്തകങ്ങളിൽ കുട്ടികളുടെ പേരും, ക്ലാസും,ജന്മദിന തീയതിയും രേഖപ്പെടുത്താറുണ്ട്. ക്ലാസ്സ് ലൈബ്രറി ശേഖരത്തിൽ സമ്മാനമായി ലഭിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുന്നു.

ജന്മദിന സമ്മാനമായി മിഠായികളും,മറ്റ് മധുരപലഹാരങ്ങളും ക്ലാസുകളിൽ വിതരണം ചെയ്യുന്നത് പൂർണ്ണമായും നിരോധിച്ചിരുന്നു. മിഠായി പൊതികൾ ഉൾപ്പെടെയുള്ള പ്ലാസ്റ്റിക് മാലിന്യം ഒഴിവാക്കുന്നതിനും, വായന പ്രോത്സാഹിപ്പിക്കുന്നതിനുമാണ് ക്ലാസ്സുകളിൽ ഈ പദ്ധതി നടപ്പിലാക്കിയത്. 2025-26 വർഷത്തെ ജന്മദിന സമ്മാന പദ്ധതി 6C യിൽ പഠിക്കുന്ന കിരൺദേവ് പി.ആർ സീനിയർ അസിസ്റ്റന്റ് മോളി ടീച്ചറിന് ലൈബ്രറി പുസ്തകങ്ങൾ നൽകി ഉദ്ഘാടനം ചെയ്തു.

Happy Birthday



2025
June 10
Tuesday

DAILY EXPRESS

StJoseph's U.P School Vayattuparamba

# വിശാലമായ വാഷിംഗ് ഏരിയ

## പി.ടി.എ എക്സിക്യൂട്ടീവിന്റെ സ്പോൺസർഷിപ്പ്



സ്കൂൾ കെട്ടിടത്തോട് ചേർന്ന് തന്നെ എല്ലാ വിദ്യാർത്ഥികൾക്കും കൈകഴുകുന്നതിനുള്ള വിശാലമായ സൗകര്യമൊരുക്കിയിരിക്കുകയാണ് പി.ടി.എ എക്സിക്യൂട്ടീവ്. തലശ്ശേരി കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി ഏർപ്പെടുത്തിയ മികച്ച പി.ടി.എ അവാർഡിന് ലഭിച്ച ഫണ്ടും,മറ്റ് മാർഗ്ഗങ്ങളിലൂടെ സമാഹരിച്ച ഫണ്ടുമുപയോഗിച്ചാണ് വാഷിംഗ് ഏരിയ ഒരുക്കിയത്.

കുട്ടികൾക്ക് സൗകര്യപ്രദമായ വിധത്തിൽ നിലവും, പരിസരവും ടൈലിട്ടും, റൂഫിങ്ങ് ഷീറ്റിട്ടും മനോഹരമാക്കി. പ്രവേശനോത്സവദിനത്തിൽ നടുവിൽ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. ബേബി ഓടമ്പള്ളി ഫലകം അനാഛാദനം ചെയ്ത് വാഷിംഗ് ഏരിയയുടെ ഉദ്ഘാടനം നിർവഹിച്ചു. പുതിയ സ്കൂൾ കെട്ടിടത്തോട് ചേർന്നാണ് വാഷിംഗ് ഏരിയയിൽ ടാപ്പുകൾ ക്രമീകരിച്ചിരിക്കുന്നത്.

## ബോധവൽക്കരണ പ്രവർത്തനം

## പൊതുമുതൽ സംരക്ഷണം

ഓരോ ക്ലാസിലും അധ്യാപകരുടെ നേതൃത്വത്തിൽ ഉച്ചകഴിഞ്ഞ് ഒരു മണിക്കൂർ പൊതുമുതൽ സംരക്ഷണവുമായി ബന്ധപ്പെട്ട ക്ലാസ്സുകളും, വിവിധ പ്രവർത്തനങ്ങളും നൽകി.

2025 June 11 Wednesday

DAILY EXPRESS

St Joseph's U.P School Vayattuparamba

# പഠനമികവിനായി പ്രീടെസ്റ്റ്

അധ്യയന വർഷാരംഭത്തിൽ വായാട്ടുപറമ്പ് യു.പി സ്കൂളിൽ വിവിധ വിഷയങ്ങളുടെ പ്രീ ടെസ്റ്റ് നടത്തി. ടെസ്റ്റിന്റെ മൂല്യനിർണയ അടിസ്ഥാനത്തിലാണ് ഈ വർഷത്തെ പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നത്. കഴിഞ്ഞ വർഷങ്ങളിലും സ്കൂൾ വർഷാരംഭത്തിൽ പ്രീടെസ്റ്റ് നടത്തിയിരുന്നു.വിദ്യാർത്ഥികൾക്ക് കൂടുതൽ നിർദ്ദേശങ്ങൾ ആവശ്യമുള്ളതും, അവർക്ക് ഇതിനകം അറിയാവുന്നതുമായ കാര്യങ്ങൾ കണ്ടെത്തുന്നതിന് വേണ്ടിയാണ് ഈ ടെസ്റ്റ് നടത്തിയത്.

ടെസ്റ്റിന്റെ അടിസ്ഥാനത്തിൽ കുട്ടികളുടെ പഠനനിലവാരമനുസരിച്ച് എല്ലാ വിഷയങ്ങളിലും വിവിധ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുന്നതിന് ഇത് വളരെ ഉപകാരപ്രദമാണ്. വിദ്യാർത്ഥികളുടെ പഠന നിലവാരത്തെകുറിച്ചും, അവർക്ക് താൽപ്പര്യമുള്ള കാര്യങ്ങളെക്കുറിച്ചും തിരിച്ചറിയാനും, ഓരോ വിദ്യാർത്ഥിയുടെയും വ്യക്തിഗത പഠനശൈലികൾ പഠിക്കാനും ഈ ടെസ്റ്റ് അധ്യാപകരെ സഹായിക്കുന്നുണ്ട്.

## ബോധവൽക്കരണ പ്രവർത്തനം

## പരസ്പര സഹകരണം

ഓരോ ക്ലാസിലും അധ്യാപകരുടെ നേതൃത്വത്തിൽ ഉച്ചകഴിഞ്ഞ് ഒരു മണിക്കൂർ പരസ്പര സഹകരണവുമായി ബന്ധപ്പെട്ട ക്ലാസ്സുകളും, വിവിധ പ്രവർത്തനങ്ങളും നൽകി.

2025 June 12 Thursday

DAILY EXPRESS

StJoseph's U.P School Vayattuparamba

# ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ്



സെൻറ് ജോസഫ്സ് യു.പി സ്കൂളിൽ സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി ലഹരിവസ്തുക്കളുടെ ഉപയോഗവും,ദൂഷ്യവശങ്ങളും എന്ന വിഷയത്തെ ആസ്പദമാക്കി ആലക്കോട് പോലീസ് സ്റ്റേഷനിലെ എ.എസ്.ഐ സദാനന്ദനും, ടിജോ സാറും കുട്ടികൾക്കായി ബോധവൽക്കരണ ക്ലാസ് നടത്തി. സ്കൂളിലെ സ്കൗട്ട്, ഗൈഡ്,ആന്റി ഡ്രഗ്സ്സ് സ്റ്റുഡൻസ് യൂണിയൻ എന്നീ യൂണിറ്റുകളുടെ നേതൃത്വത്തിലാണ് ക്ലാസ് സംഘടിപ്പിച്ചത്. ലഹരിക്ക് അടിമപ്പെട്ട് ജീവിതം പ്രതിസന്ധിയിലായ ആളുകളുടെ അനുഭവകഥകൾ ശ്രീ സദാനന്ദൻ സാർ കുട്ടികളുമായി പങ്കുവെച്ചു.

സ്കൂളിന് സമീപം പാൻമസാല അടക്കമുള്ള ലഹരി വില്പന നിയമം മൂലം നിരോധിച്ചിട്ടുണ്ടെങ്കിലും കുട്ടികളെ കെണിയിലാക്കാൻ എത്തുന്ന കച്ചവടതന്ത്രങ്ങൾ നിരവധിയാണ്.നിറത്തിലും മണത്തിലും വ്യത്യസ്തത പുലർത്തുന്ന ലഹരി ഉത്പന്നങ്ങൾ കുട്ടികളിലേക്ക് പെട്ടന്ന് ആകർഷിക്കുന്നു. ലഹരിയാണെന്നറിയാതെ കുട്ടികൾ ഇത് ഉപയോഗിക്കുകയും ക്രമേണ അടിമപ്പെടുകയും ചെയ്യും. ADSU ന്റെ നേതൃത്വത്തിൽ നിരവധി ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ സ്കൂളിൽ നടപ്പിലാക്കാറുണ്ട്.

2025 June 13 Friday

DAILY EXPRESS

StJoseph's U.P School Vayattuparamba

# ഒന്നാന്തരമായി ഒന്നൊരുക്കം



ഒന്നൊരുക്കം വിദ്യാ പ്രവേശ് സന്നദ്ധ പ്രവർത്തനങ്ങൾ കുരുന്നുകൾക്ക് ആവേശം പകർന്നു. ഒന്നാം ക്ലാസിലെ കുട്ടികൾക്ക് പുതിയ വിദ്യാലയ,പുതിയ അന്തരീക്ഷം, പുതിയ ടീച്ചർ,പുതിയ സമയക്രമം പുതിയ സഹപാഠികൾ എന്നിവയുമായി പരിചയപ്പെടാൻ ഒന്നൊരുക്കം എന്ന പേരിൽ കേരള സർക്കാർ ആവിഷ്കരിച്ച പരിപാടിയുടെ ഭാഗമായി വായാട്ടുപറമ്പ് യു. പി സ്കൂളിലെ ഒന്നാം ക്ലാസുകാർക്കായി ആകർഷകമായ പരിപാടികൾ നടത്തി. സ്കൂൾ തുറന്ന ആദ്യത്തെ രണ്ടാഴ്ചകളിലാണ് വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചത്.സ്മിത ടീച്ചറും, സ്നേഹ ടീച്ചറുമാണ് ഒന്നൊരുക്കത്തിന് നേതൃത്വം കൊടുത്തത്.

കഥ,പാട്ട്,കളികൾ, കൂട്ടായ പ്രവർത്തനങ്ങൾ, അഭിനയം, മറ്റ് കൗതുകരമായ ഇനങ്ങൾ തുടങ്ങിയ വൈവിധ്യമായ പ്രവർത്തനങ്ങൾ ഒന്നാം ക്ലാസിൽ ഇതിനോടകം നടപ്പിലാക്കി. വ്യത്യസ്ത സാമൂഹ്യ സാഹചര്യങ്ങളിൽ നിന്ന് വരുന്ന കുട്ടികൾക്ക് അധ്യാപികയുമായി മാനസിക അടുപ്പം സ്ഥാപിക്കുന്നതിന് ഒന്നൊരുക്കം സഹായിച്ചിട്ടുണ്ട്. കുട്ടികളുടെ കഴിവുകളും, പരിമിതികളും മനസ്സിലാക്കി അനുയോജ്യമായ പിന്തുണ നൽകി മുഖ്യധാരയിൽ എത്തിക്കാൻ ഈ ഒരുക്കം ഉപകാരപ്രദമാണ്.കുട്ടികളുടെ പ്രകൃതമറിഞ്ഞുള്ള പ്രവർത്തനങ്ങളാണ് സ്കൂളിൽ നടപ്പിലാക്കിയത്.

Happy Birthday



2025 June 17 Tuesday

DAILY EXPRESS

StJoseph's U.P School Vayattuparamba

# ADSU ലഹരിവിരുദ്ധ ക്യാമ്പയിന് തുടക്കമായി

## ADSU - ആന്റി ഡ്രഗ്സ് സ്റ്റുഡൻസ് യൂണിയൻ


ആരോഗ്യകരമായ ജീവിതശൈലി പിന്തുടരാനും,ഒരുമിച്ച് നിന്ന് ലഹരിക്കെതിരെ പോരാടാനും ഉതകുന്ന നിരവധി പ്രവർത്തനങ്ങളാണ് ADSU സ്കൂളിൽ നടപ്പിലാക്കുന്നത്.കുട്ടികളിലൂടെ കുടുംബാംഗങ്ങളെയും,സമൂഹത്തെയും ബോധവൽക്കരിക്കാനും സമൂഹത്തിൽ ലഹരിവിരുദ്ധ ചിന്താഗതി വളർത്താനും ഈ ക്ലബ് ലക്ഷ്യം വയ്ക്കുന്നു. ലെനി ടീച്ചറാണ് നമ്മുടെ സ്കൂളിലെ ഈ ക്ലബ്ബിന് ഈ ചുക്കാൻ പിടിക്കുന്നത്.

## പുകയില വിരുദ്ധ പ്രതിജ്ഞ

വായാട്ടുപറമ്പ് യു.പി സ്കൂളിൽ ADSU ന്റെ നേതൃത്വത്തിൽ നടത്തുന്ന ലഹരിവിരുദ്ധ ക്യാമ്പയിന് ഇന്ന് തുടക്കമായി.ADSU ലീഡർ ചൊല്ലി കൊടുത്ത പുകയില വിരുദ്ധ പ്രതിജ്ഞ സ്കൂളിലെ ഓരോ കുട്ടിയും ഏറ്റുചൊല്ലി. പുകയില വിരുദ്ധ പ്രതിജ്ഞ എടുക്കുന്നത് പുകയിലയുടെ ദോഷങ്ങളെക്കുറിച്ച് കുട്ടികളെ ബോധവൽക്കരിക്കുകയും പുകയില ഉപയോഗം ഒഴിവാക്കാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്യും.

Happy Birthday





2025
June 18
Wednesday

# DAILY EXPRESS

St.Joseph's U.P School Vayattuparamba

# ഡി.സി.എൽ ആന്റി ഡ്രഗ് കിക്കൗട്ട് ബ്രിഗേഡ്



വായാട്ടുപറമ്പ സെന്റ് ജോസഫ് യു പി സ്കൂളിലെ ഡിസിഎൽ ആന്റി ഡ്രഗ് കിക്ക് ഔട്ട് ബ്രിഗേഡ് അംഗങ്ങൾ ഹെഡ്മാസ്റ്റർ ബെന്നി പുത്തൻനട, ഫാ. റിമൽ സി ആന്റണി , കൊച്ചേട്ടൻ ഫാ. റോയി കണ്ണൻചിറ, ശാഖ ഡയറക്ടർമാരായ ആൻ മേരി മാത്യു,സിസ്റ്റർ ആർഷി ലൂക്കാ എന്നിവരോടൊപ്പം.

സ്കൂൾ കുട്ടികൾക്കായി രജിസ്റ്റർ ചെയ്ത ഒരു സംഘടനയാണ് ഡി.സി.എൽ (ദീപിക ചിൽഡ്രൻസ് ലീഗ്). നമ്മുടെ സ്കൂളിലെ ഡി.സി.എൽ ആന്റി ഡ്രഗ് കിക്കൗട്ട് ബ്രിഗേഡിൽ അംഗങ്ങളായ വിദ്യാർത്ഥികൾ സ്കൂളിൽ നടപ്പിലാക്കുന്ന നിരവധി ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ സജീവ പങ്കാളികളാണ്.ദീപിക നമ്മുടെ ഭാഷ പദ്ധതിയുടെ ഭാഗമായി ദീപിക ദിനപത്രം സൗജന്യമായി ക്ലാസുകളിൽ വിതരണം ചെയ്ത് വരുന്നു. ആൻ മാത്യു ടീച്ചറാണ് സ്കൂളിൽ ഡി.സി.എൽ ചുമതല വഹിക്കുന്നത്.

## ഡി.സി.എൽ ഐക്യു പരീക്ഷ

എൽ.കെ.ജി മുതൽ പത്താം ക്ലാസ് വരെയുള്ള വിദ്യാർഥികളെ സംസ്ഥാന തലത്തിൽ പങ്കെടുപ്പിക്കുന്ന ഐ.ക്യു പരീക്ഷ 2025 ഒക്ടോബർ 11 ന് നടക്കും. 150 രൂപ അടച്ച് രജിസ്റ്റർ ചെയ്യുന്ന എല്ലാ കുട്ടികൾക്കും ഐക്യു പരീക്ഷ എഴുതാവുന്നതാണ്.പങ്കെടുക്കുന്ന എല്ലാവർക്കും ഐക്യു വിൻ മാസ്റ്റർ,ക്യാഷ് അവാർഡുകൾ, സുവർണ്ണമെഡലുകൾ, സർട്ടിഫിക്കറ്റുകൾ എന്നിവ ലഭിക്കുന്നതാണ്.

Happy Birthday





2025
June 19
Thursday

DAILY EXPRESS
St.Joseph's U.P School Vayattuparamba

# വായിച്ച് വളരാം



# വായനാദിനാചരണം

വായാട്ടുപറമ്പ് യു.പി സ്കൂളിൽ വായനാദിനം സമുചിതമായ പരിപാടികളോടെ ആഘോഷിച്ചു. വിദ്യാർഥികൾക്കായി വായനയുടെ പ്രാധാന്യം വിളിച്ചോതുന്ന വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു.രാവിലെ നടന്ന സ്പെഷ്യൽ സ്കൂൾ അസംബ്ലിയിലേക്ക് പുസ്തക താലപ്പൊലിയെന്തിയ വിദ്യാർഥികൾ റാലിയായി കടന്നുവന്നതോടെ വായനാദിനാഘോഷത്തിന് തുടക്കം കുറിച്ചു. സീനിയർ അസിസ്റ്റന്റ് മോളി ടീച്ചർ വായനാദിന മത്സര വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.

പി എൻ പണിക്കർ അനുസ്മരണം, വായനദിന സന്ദേശം, വായനാദിന പ്രതിജ്ഞ, കഥാകഥനം, കവിതാലാപനം,നൃത്താവിഷ്കാരം,പുസ്തക പരിചയം, അക്ഷരമരം, കുഞ്ഞിക്കൈയിൽ ഒരു പുസ്തകം തുടങ്ങി വർണ്ണാഭമായ വിവിധ പരിപാടികൾ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിച്ചു. വായനദിന ക്വിസ്,കയ്യക്ഷര മത്സരം,എന്റെ ലൈബ്രറി സെൽഫി കോണ്ടസ്റ്റ്, തലക്കെട്ട് മത്സരം,ക്ലാസ് ലൈബ്രറി കോണ്ടസ്റ്റ് തുടങ്ങി വിവിധ മത്സരങ്ങൾ ദിനാചരണത്തോടനുബന്ധിച്ച് സംഘടിപ്പിച്ചു.രാഖി ടീച്ചറും, മിനു ടീച്ചറുമാണ് വായനദിനാഘോഷങ്ങൾക്ക് നേതൃത്വം കൊടുത്തത്.

2025
June 20
Friday

# DAILY EXPRESS

St.Joseph's U.P School Vayattuparamba

# വായനദിന മത്സരങ്ങൾ

വായനാദിനത്തോടനുബന്ധിച്ച് എൽ.പി, യു.പി തലങ്ങളിലായി വായനയുടെ പ്രാധാന്യം വിളിച്ചോതുന്ന വിവിധ മത്സരങ്ങൾ നടത്തി സ്കൂൾ അസംബ്ലിയിൽ വെച്ച് സീനിയർ അസിസ്റ്റന്റ് മോളി ടീച്ചർ മത്സരവിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.

## മത്സര വിജയികൾ

⚕ വായനാദിന ക്വിസ്

First Prize - Tosh Christy (6C)
Second Prize - Nived V V (7A)

⚕ കൈയക്ഷര മത്സരം

Std 1 - Rithvi (1A)
Std 2 - Liya Rose(2B)
Std 3 - Muhd. Sahal K S (3B)
Std 4 - Adon Mathew (4A)
Std 5 - Swathi K (5D)
Std 6 -Devika K R (6A)
Std 7 - Safa Fathima(7E)

⚕ എന്റെ ലൈബ്രറി സെൽഫി കോണ്ടസ്റ്റ്

First Prize(UP Level) -Alex Boby 6B
Second Prize(LP Level)-Amarjith 3B

⚕ തലക്കെട്ട് മത്സരം

First Prize - Adhithya Suresh (7C)

⚕ ക്ലാസ്സ് ലൈബ്രറി കോണ്ടസ്റ്റ്

First Prize(UP Level) - 7B
First Prize(LP Level) - 4A

## എന്റെ സ്കൂളിന് എന്റെ ജന്മദിന സമ്മാനം



ജന്മദിനത്തിൽ കുട്ടികൾ ലൈബ്രറി പുസ്തകങ്ങൾ ക്ലാസ് അധ്യാപകർക്ക് കൈമാറുന്നു. കുട്ടികളിൽ വായനശീലം പരിപോഷിപ്പിക്കുന്നതിനാണ് ഈ പദ്ധതി സ്കൂളിൽ വിജയകരമായി നടപ്പിലാക്കി വരുന്നത്.

Happy Birthday





2025 June 23 Monday

DAILY EXPRESS

St.Joseph's U.P School Vayattuparamba

# ക്ലാസ് തല സർഗോത്സവം



## ഉത്സവപ്രതീതിയിൽ വിദ്യാർത്ഥികൾ

വിദ്യാർത്ഥികളുടെ സർഗ്ഗാത്മകമായ കഴിവുകളെ കണ്ടെത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനുമുള്ള ഒരു നല്ല വേദിയാണ് ക്ലാസ് തല സർവോത്സവം.ക്ലാസ് അധ്യാപകരുടെ നേതൃത്വത്തിൽ ക്ലാസിലെ എല്ലാ വിദ്യാർഥികളെയും പങ്കെടുപ്പിച്ചുകൊണ്ടാണ് സർഗോത്സവം നടത്തിയത്.കഥകൾ പറഞ്ഞും,പാട്ടുകൾ പാടിയും,നൃത്തമാടിയും അരങ്ങ് തകർത്ത വേദിയിൽ കഥാപ്രസംഗം,മിമിക്രി, മോണോആക്ട്,നാടൻപാട്ടുകൾ തുടങ്ങിയ ഇനങ്ങളും കുട്ടികൾ അവതരിപ്പിച്ചു.

ക്ലാസ്സ് തല സർഗോത്സവത്തിൽ സ്വാഗത പ്രസംഗം,ഉദ്ഘാടനം,അധ്യക്ഷ പ്രഭാഷണം, ആശംസകൾ, നന്ദി തുടങ്ങിയ കാര്യപരിപാടികൾ അവതരിപ്പിച്ച വിശിഷ്ട വ്യക്തികളായി വേദിയിലെത്തിയത് വിദ്യാർത്ഥികൾ തന്നെയാണ്. ഒന്നാം ക്ലാസ് മുതൽ ഏഴാം ക്ലാസ് വരെയുള്ള എല്ലാ ഡിവിഷനുകളിലും ഉച്ചകഴിഞ്ഞ് ക്ലാസ്സ് തല സർഗോത്സവം അരങ്ങേറി.ഉത്സവപ്രതീതിയോടെ വിദ്യാർഥികൾ ഗ്രൂപ്പിനങ്ങളിലും വ്യക്തിഗതയിനങ്ങളിലും പങ്കെടുത്തത്.

### Happy Birthday





2025
June 24
Tuesday

DAILY EXPRESS
St.Joseph's U.P School Vayattuparamba

# TALENT SHOW
## Class I & II



ഒന്ന്,രണ്ട് ക്ലാസിലെ കുട്ടികളുടെ ഡാൻസുകൾ,ഗ്രൂപ്പ് സോങ്,വെസ്റ്റേൺ ഡാൻസ്, അഭിനയ ഗാനം, കവിതാലപനം, കഥ പറയൽ തുടങ്ങിയ വിവിധ പരിപാടികൾ വേദിയിൽ അരങ്ങേറി.ക്ലാസ്സ് അധ്യാപകരായ സ്നേഹ ടീച്ചർ,സ്മിത ടീച്ചർ, ജിറ്റി ടീച്ചർ, ജോത്സീന ടീച്ചർ എന്നിവരാണ് പരിപാടികൾക്ക് നേതൃത്വം കൊടുത്തത്. കലാപരമായ കഴിവുകൾ പൊതു വേദിയിൽ അവതരിപ്പിക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിനാണ്  ക്ലാസ് അടിസ്ഥാനത്തിൽ ടാലന്റ് ഷോ  ക്രമീകരിച്ചിരിക്കുന്നത്.

ഒരു ക്ലാസിലെ പരമാവധി കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് വർഷത്തിൽ ഒരു ക്ലാസിന്  ഒരു തവണ എന്ന രീതിയിലാണ് ഷോ നടത്തുന്നത്. അധ്യാപകരുടെ നേതൃത്വത്തിൽ കുട്ടികൾ തന്നെയാണ് ഷോ സംഘടിപ്പിക്കുന്നത്. പഠനത്തെ ബാധിക്കാത്ത വിധത്തിൽ ഒഴിവുസമയത്താണ് കുട്ടികൾ പരിശീലനം നേടുന്നത്. ഈ വർഷത്തെ ടാലൻറ് ഷോ  ഉദ്ഘാടനം ചെയ്തത് പ്രധാനാധ്യാപകൻ ബെന്നി സാറാണ്.

2025
June 25
Wednesday

DAILY EXPRESS
St.Joseph's U.P School Vayattuparamba

# പി.ടി.എ ജനറൽ ബോഡിയിൽ
# രക്ഷിതാക്കളുടെ സജീവ പങ്കാളിത്തം

2025-26 അധ്യയന വർഷത്തെ ആദ്യ ജനറൽ ബോഡി രക്ഷിതാക്കളുടെ സജീവ പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി.350 ൽ പരം രക്ഷിതാക്കളാണ് യോഗത്തിൽ പങ്കെടുത്തത്. ഉച്ചകഴിഞ്ഞ് 1:15ന് തുടങ്ങിയ രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണ ക്ലാസിനെ തുടർന്ന്1:45 ന് ജനറൽബോഡി യോഗം ആരംഭിച്ചു. സ്കൂൾ മാനേജർ റവ.ഡോ. തോമസ് തെങ്ങുംപള്ളി യോഗത്തെ അഭിസംബോധന ചെയ്ത് സംസാരിക്കുകയും എൽ.എസ്.എസ് , യു.എസ്.എസ് സ്കോളർഷിപ്പ് ജേതാക്കളായ 15 വിദ്യാർഥികൾക്ക് മെമന്റോകൾ നൽകി ആദരിക്കുകയും ചെയ്തു.

പി.ടി.എ പ്രസിഡണ്ട് അജേഷ് പി പി,മദർ പി.ടി.എ പ്രസിഡണ്ട് ജിഷമോൾ കെ.ജെ പി.ടി.എ വൈസ് പ്രസിഡണ്ട് സജി ചോലേട്ട്, മദർ പി.ടി.എ വൈസ് പ്രസിഡണ്ട് ഷെറിൻ ജോസഫ് എന്നിവരെയും, എക്സിക്യൂട്ടീവ് അംഗങ്ങളെയും ജനറൽ ബോഡി തെരഞ്ഞെടുത്തു. യോഗത്തിൽ വരവ് ചെലവ് കണക്കുകൾ അവതരിപ്പിക്കുകയും, സുപ്രധാന തീരുമാനങ്ങൾ എടുക്കുകയും ചെയ്തു. 2:45 ന് ആരംഭിച്ച ക്ലാസ് പി.ടി.എ യിൽ രക്ഷിതാക്കൾ പങ്കെടുക്കുകയും സജീവമായ ചർച്ചകളും, അഭിപ്രായപ്രകടനങ്ങളും നടത്തി.

2025 June 26 Thursday

DAILY EXPRESS

St.Joseph's U.P School Vayattuparamba

# ലഹരിവിരുദ്ധ ദിനാചരണം

ADSU ക്ലബ്ബിന്റെ നേതൃത്വത്തിൽ വായാട്ടുപറമ്പ് യു.പി സ്കൂളിൽ ലഹരിവിരുദ്ധ ദിനം വിപുലമായ പരിപാടികളോടെ ആചരിച്ചു. സ്കൂളിൽ നടന്ന സ്പെഷ്യൽ അസംബ്ലിയിൽ ലഹരിവിരുദ്ധ പ്രതിജ്ഞ, സന്ദേശം, കവിതാലാപനം, ലഹരിക്കെതിരെ ഒരു കൈ, പ്ലക്കാർഡ് പ്രദർശനം, സുംബാ ഡാൻസ് തുടങ്ങിയ പരിപാടികൾ അരങ്ങേറി. ടിജോ സാർ ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ് നയിച്ചു.

## പ്ലക്കാർഡ് പ്രദർശനം



വിദ്യാർഥികൾ ലഹരി വിരുദ്ധ സന്ദേശമുൾക്കൊള്ളുന്ന വളരെ മനോഹരമായ പ്ലക്കാർഡുകൾ ഉയർത്തിപ്പിടിച്ച് സ്കൂൾ അസംബ്ലിയിൽ അണിനിരന്നു.

## സുംബാ ഡാൻസ്

ലഹരി വിമുക്ത വിദ്യാലയം എന്ന സന്ദേശമുണർത്തിക്കൊണ്ട് വിദ്യാർഥികൾ എല്ലാവരും സുംബാ ഡാൻസിൽ വളരെ ആവേശപൂർവ്വം പങ്കുചേർന്നു.



## ലഹരിക്കെതിരെ ഒരു കൈ




ഒന്നാം ക്ലാസ് മുതൽ ഏഴാം ക്ലാസ് വരെയുള്ള ഓരോ ഡിവിഷനിലെയും ക്ലാസ് ലീഡേഴ്സ് പ്രത്യേകം തയ്യാറാക്കിയ കളർ പാത്രത്തിൽ മുക്കിയ കൈ ലഹരി വിരുദ്ധ ബോർഡിൽ പതിച്ചു.

2025
June 27
Friday

DAILY EXPRESS
St.Joseph's U.P School Vayattuparamba


# വിദ്യാരംഗം കലാസാഹിത്യവേദി ഉദ്ഘാടനം




ജൂൺ 25 ന് വായാട്ടുപറമ്പ് യു.പി സ്കൂളിൽ വിദ്യാരംഗം കലാസാഹിത്യവേദിയുടെയും, സ്കൂൾ ക്ലബ്ബുകളുടെയും ഔദ്യോഗികമായ ഉദ്ഘാടനം പ്രശസ്ത നാടൻപാട്ട് കലാകാരനും,തളിപ്പറമ്പ് നോർത്ത് ബി.ആർ.സി ട്രെയിനറുമായ സജിത്ത് എം പി നിർവഹിച്ചു. അതെ തുടർന്ന് അദ്ദേഹം വിദ്യാർഥികളുമായി സംവദിച്ചു. വിദ്യാരംഗം കൺവീനർമാരായ തെരെസ ടീച്ചറും,ജ്യോതിസ് ടീച്ചറുമാണ് പരിപാടികൾക്ക് നേതൃത്വം കൊടുത്തത്.

ശാസ്ത്രം, സാമൂഹ്യ ശാസ്ത്രം, ഗണിതം, ഭാഷാവിഷയങ്ങൾ തുടങ്ങിയ ക്ലബ്ബുകളുടെ നേതൃത്വത്തിൽ വേദിയിൽ വിവിധ കലാപരിപാടികൾ അരങ്ങേറി.എൽ.പി വിദ്യാർത്ഥികൾ ക്ലാസ് അടിസ്ഥാനത്തിൽ കലാപരിപാടികൾ അവതരിപ്പിച്ചു. വിവിധ നാടൻ പാട്ടുകൾ പാടിയും, മൂല്യബോധങ്ങൾ പകർന്ന് നൽകിയും ഒന്നര മണിക്കൂറോളം സജിത് സാർ വിദ്യാർഥികളുമായി സംവദിച്ചു.

Happy Birthday






2025
June 30
Monday

DAILY EXPRESS
St.Joseph's U.P School Vayattuparamba

# ആകർഷകമായ രീതിയിൽ സ്കൂൾ ഡയറി




2025-26 അധ്യയന വർഷത്തെ സ്കൂൾ ഡയറി വളരെ ആകർഷകമായ രീതിയിൽ പുറത്തിറക്കി.ജൂൺ ആദ്യവാരം തന്നെ എല്ലാ കുട്ടികൾക്കും ഡയറി സംലഭ്യമാക്കിയിട്ടുണ്ട്.ഓരോ വിദ്യാർഥിയെയും കുറിച്ചുള്ള വ്യക്തിവിവരപ്പട്ടികയും, അധ്യാപകരെ കുറിച്ചുള്ള വിവരങ്ങളും,വിദ്യാർത്ഥികൾക്കും,രക്ഷിതാക്കൾക്കുമുള്ള പൊതു നിർദ്ദേശങ്ങളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഈ അധ്യയന വർഷം സ്കൂളിൽ ആഘോഷിക്കപ്പെടുന്ന പ്രധാനപ്പെട്ട ദിനാചരണങ്ങളും മറ്റ് സ്കൂൾ പ്രവർത്തനങ്ങളും കലണ്ടർ രൂപത്തിൽ ഈ ഡയറിയിൽ നൽകിയിട്ടുണ്ട്.ലീവ് റെക്കോർഡ്, ബസ് ഫീ റെക്കോർഡ് ദിവസേനയുള്ള പഠന പ്രവർത്തനങ്ങൾ,ഹോം വർക്കുകൾ, യൂണിറ്റ് ടെസ്റ്റ്, പാദവാർഷിക, അർദ്ധവാർഷിക പ്രോഗ്രസ്സ് റിപ്പോർട്ട്, ലൈബ്രറി രജിസ്റ്റർ, സ്കൂൾ ടൈംടേബിൾ തുടങ്ങിയ ഒട്ടനവധി കാര്യങ്ങൾ സ്കൂൾ ഡയറിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

Happy Birthday

